(ബി) ഇതിനകം ഇതിൽ എത്ര പേർക്ക് നിയമനം ലഭ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിയമനത്തിനായി സഹകരണ സർവ്വീസ് പരീക്ഷാ ബോർഡ് നടത്തിയ എഴുത്തുപരീക്ഷയിൽ സെക്രട്ടറി തസ്തികയിലേക്ക് 13,460 പേരും ജൂനിയർ ക്ലർക്ക് തസ്തികയിലേക്ക് 96295 പേരും ടൈപ്പിസ്റ്റ് തസ്തികയിലേക്ക് 4097 പേരും പരീക്ഷ എഴുതിയിട്ടുണ്ട്.

(ബി) ഇതിനകം സെക്രട്ടറി തസ്തികയിൽ 88 പേർക്കും ജൂനിയർ ക്ലാർക്ക് തസ്തികയിൽ 913 പേർക്കും, ടൈപ്പിസ്റ്റ് തസ്തികയിൽ 20 പേർക്കും നിയമനം ലഭ്യമായിട്ടുണ്ട്.

സഹകരണ വകുപ്പിന്റെ ആസ്ഥാന മന്ദിരം

154 (521) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം ജില്ലയിൽ സഹകരണ വകുപ്പിന് ഒരു ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി 2014-15-ലെ സംസ്ഥാന ബജറ്റിൽ മൂന്ന് കോടി രൂപ വകയിരുത്തിയതു വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

2014-15 സാമ്പത്തിക വർഷത്തിൽ സഹകരണ ആസ്ഥാന മന്ദിര നിർമ്മാണത്തിനുള്ള ധനസഹായമായി 3 കോടി രൂപ ഗ്രാന്റായി 2425-00-001-87 (p/v) എന്ന ശീർഷകത്തിൽ സർക്കാർ അനുവദിക്കുകയും ആയതിനുള്ള ഭരണാനുമതിയും, തുക പിൻവലിച്ച് വിനിയോഗിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാറെ അധികാരപ്പെടുത്തിക്കൊണ്ട് 30-3-2015-ലെ G.O(Rt) No.204/2015/Co-op പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. പ്രസ്തുത സർക്കാർ ധനസഹായം ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം നടത്തുന്ന ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് സഹകരണ സംഘം രജിസ്ട്രാർ 31-3-2015-ന് അനുവദിച്ച് നൽകുകയുണ്ടായി. ഇപ്രകാരം 2014-15 വാർഷിക പദ്ധതി പ്രകാരം അനുവദിച്ച 3 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly